ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 09-06-2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. പശ്ചിമേഷ്യൻ സംഘർഷങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച് പ്രധാന മന്ത്രി നരേന്ദ്ര മോദി. നയതന്ത്ര മാർഗ്ഗങ്ങളിലൂടെ പ്രശ്നം പരിഹരിക്കണമെന്നും പ്രധാനമന്ത്രി.

**Prime Minister Narendra Modi has expressed concern over the tensions in West Asia. He said that the issue should be resolved through diplomatic means.**

2. പ്രധാനമന്ത്രി സുരക്ഷിത് മാതൃത്വ അഭിയാനിലൂടെ രാജ്യത്തെ മാതൃമരണ നിരക്ക് 86 ശതമാനമായി കുറഞ്ഞ തായി കേന്ദ്രമന്ത്രി ജെ പി നഡ്ഡ.

**Union Minister J. P. Nadda has said that India's maternal mortality ratio has declined to 86 through the Pradhan Mantri Surakshit Matritva Abhiyan.**

3. വിബി-ജി റാം ജി, പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാനങ്ങ ൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കുമായി തൊണ്ണൂറ്റി അയ്യാ യിരത്തി, 692 കോടി രൂപയുടെ ഇടക്കാല ബജറ്റ് വിഹിതം പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ.

**The Central Government has announced an interim budget allocation of ₹95,692 crore for States and Union Territories for the implementation of the PM-VBGY (Viksit Bharat Gram Yojana) scheme.**

4. ഇന്ത്യയുടെ അതിർത്തി കടന്നുള്ള ചരക്കുനീക്കവും യാത്രാ സൗകര്യങ്ങളും ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള ലാൻഡ്

പോർട്ട് മാനേജ്മെന്റ് സിസ്റ്റം കേന്ദ്രമന്ത്രി അമിത്ഷാ ഉദ്ഘാടനം ചെയ്തു.

**Union Home Minister Amit Shah has inaugurated the Land Port Management System, aimed at digitizing India's cross-border cargo movement and passenger facilitation services.**

5. വയനാട്ടിൽ മൂന്ന് കുട്ടികൾക്ക് ഷിഗല്ല സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി ആരോഗ്യ വകുപ്പ്. സ്ഥിതി ഗതികൾ വിലയിരുത്താൻ ആരോഗ്യ മന്ത്രി കെ മുരളീധരൻ വയനാട്ടിൽ.

   **In Kerala, The Health Department has intensified preventive measures in Wayanad after three children were confirmed to have Shigella infection. Health Minister K. Muraleedharan is in Wayanad to assess the situation.**

6. വടക്കൻ കേരളത്തിൽ ശക്തമായ മഴ തുടരും. നാളെ അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരളം -ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

   **Heavy rainfall is expected to continue in northern Kerala. Yellow alerts have been issued for five districts tomorrow. Fishing has been banned along the Kerala, Lakshadweep, and Karnataka coasts.**

☸☸☸☸☸☸☸☸☸☸☸☸

## PM KUWAIT

പശ്ചിമേഷ്യയിലെ സുരക്ഷാ സാഹചര്യത്തെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കുവൈത്ത് അമീറുമായി ടെലിഫോണിൽ സംഭാഷണം നടത്തി. സംഘർഷങ്ങൾ വർദ്ധിക്കുന്നതിൽ ആശങ്ക പ്രകടിപ്പിച്ച പ്രധാനമന്ത്രി കുവൈത്തിനെതിരെയുള്ള ആക്രമണങ്ങളെ ശക്തമായി അപലപിച്ചു. നയതന്ത്ര മാർഗ്ഗങ്ങളിലൂടെ പ്രശ്നം പരിഹരിക്കണമെന്ന നിലപാടാണ് ഇന്ത്യയ്ക്കുള്ളതെന്നും പ്രധാനമന്ത്രി പറഞ്ഞു. കുവൈത്തിലെ ഇന്ത്യൻ സമൂഹത്തിന്റെ ക്ഷേമത്തിനും സുരക്ഷയ്ക്കും ശ്രദ്ധ നൽകിയതിന് കുവൈറ്റ് അമീറിന് ശ്രീ. മോദി നന്ദി അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸

## VP - JAL SHAKTI MEET

ജൽശക്തി മന്ത്രാലയത്തിന്റെ പ്രധാന നദീ സംയോജന, ജലസംരക്ഷണ പദ്ധതികൾ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് അവലോകനം ചെയ്തു. നമാമി ഗംഗേ ഉൾപ്പടെയുള്ള വിവിധ സംരംഭങ്ങളും പദ്ധതികളും വിശദീകരിച്ചതായി ഉപരാഷ്ട്രപതി സമൂഹ മാധ്യമത്തിൽ കുറിച്ചു. വകുപ്പിന്റെ മുൻനിര സംരംഭമായ ജൽ സഞ്ചയ് ജൻ ഭാഗിദാരിയെ അദ്ദേഹം പ്രശംസിച്ചു.

## NADDA -MATRITVA ABHIYAN(INTRO)

രാജ്യത്ത് ഗർഭിണികൾക്കുള്ള ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര മന്ത്രി ജെ പി നഡ്ഡ. പ്രധാനമന്ത്രി സുരക്ഷിത് മാതൃത്വ അഭിയാൻ വഴി കഴിഞ്ഞ പത്ത് വർഷമായി രാജ്യത്തെ ഗർഭിണികൾക്കുള്ള ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ സർക്കാർ നിരന്തരം ശക്തിപ്പെടുത്തിവരികയാണെന്ന് പദ്ധതിയുടെ പത്താം വാർഷികത്തോടനുബന്ധിച്ച് രാജ്യവ്യാപക ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. ഈ പദ്ധതിയിലൂടെ രാജ്യത്തെ മാതൃമരണ നിരക്ക് 86 ശതമാനമായി കുറഞ്ഞതായി മന്ത്രി വ്യക്തമാക്കി.

(വോയിസ്)

## MEA - INDIA 12 YEARS

കഴിഞ്ഞ 12 വർഷമായി ആഗോള വേദിയിൽ ഇന്ത്യയുടെ സ്ഥാനവും ബ്രാൻഡ് ഇന്ത്യയെയും ശക്തിപ്പെടുത്താൻ കേന്ദ്ര സർക്കാരിന് കഴിഞ്ഞതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. പ്രതിസന്ധി ഘട്ടങ്ങളിൽ ഗ്ലോബൽ സൗത്തിന്റെ ശബ്ദമായി രാജ്യം ഉയർന്നു വന്നതായും വിദേശകാര്യ മന്ത്രാലയ വക്താവ് സമൂഹ മാധ്യമത്തിൽ കുറിച്ചു.

## VB-G RAM G

വിബി-ജി റാം ജി, പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കുമായി കേന്ദ്ര സർക്കാർ തൊണ്ണൂറ്റി അയ്യായിരത്തി, 692 കോടി രൂപയുടെ ഇടക്കാല ബജറ്റ് വിഹിതം

പ്രഖ്യാപിച്ചു. അടുത്ത മാസം ഒന്നാം തീയതി മുതൽ പുതിയ നിയമം നിലവിൽ വരും. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഗ്രാമവികസന മന്ത്രിമാരുമായി നടത്തിയ വെർച്വൽ യോഗത്തിന് ശേഷം കേന്ദ്ര ഗ്രാമവികസന മന്ത്രി ശിവരാജ് സിംഗ് ചൗഹാനാണ് ഇക്കാര്യം അറിയിച്ചത്.

❁❁❁❁❁❁❁❁❁❁❁❁

## PRADHAN-NTA REVIEW (INTRO)

ഈ മാസം 21 ന് നടക്കാനിരിക്കുന്ന നീറ്റ് പുനഃപരീക്ഷയ്ക്കുള്ള ഒരുക്കങ്ങൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ ഇന്ന് അവലോകനം ചെയ്തു. ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത് മുതൽ എല്ലാ നടപടിക്രമങ്ങളിലും പൂർണ്ണമായും രഹസ്യസ്വഭാവം ഉറപ്പാക്കിയതായി കേന്ദ്ര മന്ത്രി, ന്യൂഡൽഹിയിലെ നാഷണൽ ടെസ്റ്റിംഗ് ഏജൻസി ആസ്ഥാനത്തിന് പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു. വീഴ്ചകളും പോരായ്മകളും തടയുന്നതിന് സംസ്ഥാനങ്ങളുമായി ഏകോപിപ്പിച്ച് പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്.....)

❁❁❁❁❁❁❁❁❁❁❁❁

## REV. SHAH-LPMS

ഇന്ത്യയുടെ അതിർത്തി കടന്നുള്ള ചരക്കുനീക്കവും യാത്രാ സൗകര്യങ്ങളും ഡിജിറ്റലൈസ് ചെയ്യുന്നതിനായുള്ള ലാൻഡ് പോർട്ട് മാനേജ്മെന്റ് സിസ്റ്റം - 'വിനിമയ്' - കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. രാജ്യത്തെ കര - അതിർത്തികളിലെ പ്രവർത്തനങ്ങളെല്ലാം ഒരൊറ്റ കുടക്കീഴിൽ സമന്വയിപ്പിക്കുന്നതാണ് ഈ ഡിജിറ്റൽ സംവിധാനം. 'വികസിത് ഭാരത് 2047' എന്ന ലക്ഷ്യത്തിന് അനുസൃതമായി നിർമ്മിച്ച ഈ സംവിധാനം വ്യാപാര സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനൊപ്പം ദേശീയ സുരക്ഷയും ശക്തമാക്കുമെന്ന് ശ്രീ. അമിത് ഷാ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁

## JAISHANKAR-MEETING

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ രണ്ടു ദിവസത്തെ ബൾഗേറിയ, ഫിൻലാൻഡ് സന്ദർശനത്തിന് നാളെ തുടക്കമാകും. ബൾഗേറിയൻ

ഭരണനേതൃത്വവുമായും വിദേശകാര്യ മന്ത്രിയുമായും അദ്ദേഹം ഉഭയ കക്ഷി ചർച്ചകൾ നടത്തും. തുടർന്ന് ഫിൻലാൻഡിലെത്തുന്ന അദ്ദേഹം വിദേശകാര്യ മന്ത്രിയുമായും അവിടുത്തെ മറ്റ് പ്രമുഖ നേതാക്കളുമായും കൂടിക്കാഴ്ച നടത്തും.

## SIDDIQUE - SHIGELLA

വയനാട് കോളിയാടി എ.യു.പി. സ്കൂളിലെ മൂന്ന് കുട്ടികൾക്ക് ഷിഗല്ല സ്ഥിരീകരിച്ച സാഹചര്യത്തിൽ സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്തുന്ന തിനായി ആരോഗ്യ മന്ത്രി കെ മുരളീധരൻ വയനാട്ടിലെത്തി. വൃത്തി യില്ലാതെ പ്രവർത്തിക്കുന്ന തട്ടുകടകൾ പൂട്ടുന്നതിന് നിർദ്ദേശം നൽകിയ തായി ആരോഗ്യമന്ത്രി പറഞ്ഞു. സ്കൂളിലെ കിണറിലെ വെള്ളത്തിൻ്റെ പരിശോധന ഫലം നാളെ ലഭിക്കും. മന്ത്രി ടി സിദ്ദിഖിൻറെ നേതൃത്വത്തിൽ സുൽത്താൻബത്തേരിയിൽ ഇന്ന് ഉന്നതതല യോഗം ചേർന്നിരുന്നു. സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാണെന്നും, ജാഗ്രത ശക്തമാക്കാൻ നടപടികൾ സ്വീകരിച്ചതായും മന്ത്രി അറിയിച്ചു. 63 കുട്ടികളാണ് വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളത്. 433 പേർ രോഗലക്ഷണങ്ങളുമായി ചികിത്സ തേടിയിരുന്നു. സ്കൂളിലും വീടുകളിലും ആശുപത്രിയിലും ശുചിത്വം ഉറപ്പുവരുത്തുമെന്ന് മന്ത്രി പറഞ്ഞു.

## GADKARI-ZOJI-LA TUNNEL (INTRO)

കാശ്മീർ താഴ്വരയെയും ലഡാക്കിനെയും ബന്ധിപ്പിക്കുന്ന സോജില തുരങ്കത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലേക്ക്. തുരങ്ക പാത യാഥാർഥ്യമാകുന്നതോടെ മേഖലയിലെ ഗതാഗത സൗകര്യത്തിൽ വലിയ മുന്നേറ്റമുണ്ടാകും. ലഡാക്കിലെ മിനിമാർഗിൽ നടന്ന ചടങ്ങിൽ കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി നിർമാണത്തിന്റെ ഭാഗമായ അവസാന ഘട്ട ബ്ലാസ്റ്റ് നിർവഹിച്ചു.

വിശദാംശങ്ങളിലേക്ക്....
(വോയിസ്...)

ഏതു ദുർഘട കാലാവസ്ഥയിലും കാശ്മീരും ലഡാക്കും തമ്മിൽ ഗതാഗതം സാധ്യമാക്കുന്ന ചരിത്രപരമായ നിർമാണ പ്രവർത്തനമാണിതെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. പാത, വിനോദസഞ്ചാരത്തിനും

പ്രാദേശിക സമ്പദ്‌വ്യവസ്ഥയ്ക്കും വലിയ ഉത്തേജനം നൽകുമെന്നും ശ്രീ ഗഡ്കരി അഭിപ്രായപ്പെട്ടു. ജമ്മു-കാശ്മീർ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ, മുഖ്യമന്ത്രി ഒമർ അബ്ദുള്ള തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. സമുദ്രനിരപ്പിൽ നിന്ന് 11,578 അടി ഉയരത്തിൽ നിർമ്മിക്കുന്ന തുരങ്കം പൂർത്തിയാകുമ്പോൾ ഏഷ്യയിലെ ഏറ്റവും നീളം കൂടിയ ബൈ ഡയറക്ഷണൽ റോഡ് തുരങ്കമായി മാറും. രാജ്യത്തെ ഏറ്റവും തന്ത്ര പ്രധാനമായ റോഡ് പദ്ധതികളിൽ ഒന്നായ സോജി-ലാ തുരങ്കം 2028 ഫെബ്രുവരി യോടെ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിടുന്നത്. 13.15 കിലോമീറ്റർ ദൈർഘ്യമുള്ള പാത തയ്യാറാകുന്നതോടെ സോജില ചുരത്തിലൂടെയുള്ള യാത്രാ സമയം മൂന്ന് മണിക്കൂറിൽ നിന്ന് ഏകദേശം 15 മിനിറ്റായി കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ന്യൂസ്ഡെസ്ക് ആകാശവാണി...

## RAIN

വടക്കൻ കേരളത്തിൽ ശക്തമായ മഴ തുടരും. ശക്തമായ മഴയ്ക്ക് സാധ്യത യുള്ളതിനാൽ നാളെയും മറ്റന്നാളും മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരളം - ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ഇന്നും നാളെയും മത്സ്യ ബന്ധന ത്തിന് വിലക്കേർപ്പെടുത്തി.

## INDIA-PAK UN

പാക് പൗരന്മാരിൽ ഇന്ത്യയോടുള്ള വിദ്വേഷം വളർത്തുന്നതിന് മതപര മായ പദപ്രയോഗങ്ങളെ പാകിസ്ഥാൻ ദുരുപയോഗം ചെയ്യുന്നതായി ഇന്ത്യ. യു.എൻ രക്ഷാ സമിതി യോഗത്തിൽ, ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി ഹരീഷാണ് ഇക്കാര്യം അറിയിച്ചത്. പാകിസ്ഥാനിൽ നിന്നുണ്ടാകുന്ന വ്യാജ പ്രചാരണങ്ങൾ ഭരണകൂട ത്തിൻറെ പിന്തുണയോടെയാണ് നടക്കുന്നതെന്നും ഇന്ത്യ ആരോപിച്ചു.

## PoK VIOLENCE

പാക് അധിനിവേശ കശ്മീരിൽ വൻ സംഘർഷം. പ്രതിഷേധക്കാരും സുരക്ഷാ സേനയും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ മുപ്പതിലധികം പേർ

കൊല്ലപ്പെടുകയും ഇരുനൂറോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. മേഖലയിലെ പ്രമുഖ സിവിൽ സൊസൈറ്റി കൂട്ടായ്മയായ 'ജോയിന്റ് അവാമി ആക്ഷൻ കമ്മിറ്റി'യെ അധികൃതർ നിരോധിച്ചതോടെയാണ് സംഘർഷം രൂക്ഷമായത്. സാധാരണക്കാർക്ക് നേരെയുള്ള പാകിസ്ഥാൻറെ അടിച്ചമർത്തൽ നയത്തെ അന്താരാഷ്ട്ര സമൂഹം അപലപിച്ചു.

## MEA - PAKISTAN

അതേസമയം, പാക് അധീന കശ്മീരിൽ പോലീസ് അതിക്രമങ്ങളുണ്ടായെന്ന റിപ്പോർട്ടുകൾ ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം സ്ഥിരീകരിച്ചു. ഇത്തരം ക്രൂരതകൾക്ക് അന്താരാഷ്ട്ര സമൂഹം പാകിസ്ഥാനെ ഉത്തരവാദിയാക്കുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

## GUTERRES- WEST ASIA CONFLICT

പശ്ചിമേഷ്യയിലെ സംഘർഷാവസ്ഥയിൽ കടുത്ത ആശങ്ക പ്രകടിപ്പിച്ച് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. ആക്രമണങ്ങൾ ഉടനടി അവസാനിപ്പിക്കാനും, പരമാവധി സംയമനം പാലിക്കാനും അദ്ദേഹം എല്ലാ കക്ഷികളോടും ആവശ്യപ്പെട്ടു. ലെബനൻ, ഇറാൻ, ഗാസ എന്നിവിടങ്ങളിലെ വെടിനിർത്തൽ കരാറുകൾ പൂർണ്ണമായി പാലിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. പശ്ചിമേഷ്യയിലെ പ്രതിസന്ധികൾക്ക് ചർച്ചകളിലൂടെയും നയതന്ത്ര നീക്കങ്ങളിലൂടെയും മാത്രമേ ശാശ്വതമായ പരിഹാരം ഉണ്ടാകു എന്നും ഗുട്ടെറസ് വ്യക്തമാക്കി.

## IRAN ISRAEL-CEASEFIRE

പശ്ചിമേഷ്യയിൽ സംഘർഷം താത്കാലികമായി ശമിക്കുന്നതായി സൂചനകൾ. ഇറാനും ഇസ്രയേലും തമ്മിൽ നേരിട്ടുള്ള ആക്രമണങ്ങൾ കുറഞ്ഞതായി റിപ്പോർട്ടുകളുണ്ട്. ബെയ്റൂട്ടിൽ ഹിസ്ബുള്ള കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് ഇസ്രയേൽ നടത്തിയ വ്യോമാക്രമണത്തിനു പിന്നാലെ ഇറാൻ വടക്കൻ ഇസ്രയേലിലേക്ക് ബാലിസ്റ്റിക് മിസൈലുകൾ പ്രയോഗിച്ചതോടെയാണ് സംഘർഷം വഷളായത്. കൂടുതൽ

ആക്രമണങ്ങൾക്ക് ശക്തമായ മറുപടി ലഭിക്കുമെന്ന് ഇസ്രായേൽ പ്രധാനമന്ത്രി മുന്നറിയിപ്പ് നൽകി.

## DEFENCE- SOLAR PROJECT

ഉത്തർപ്രദേശിലെ സീതാപൂരിൽ പ്രതിരോധ വകുപ്പിന്റെ വൻകിട സൗരോർജ്ജ പദ്ധതിക്ക് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അംഗീകാരം നൽകി. ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സാങ്കേതികവിദ്യ സമന്വയിപ്പിച്ചുകൊണ്ട് പ്രതിരോധ മന്ത്രാലയം നടപ്പിലാക്കുന്ന ഇത്തരത്തിലുള്ള ആദ്യത്തെ പദ്ധതിയാണിതെന്ന് മന്ത്രാലയം അറിയിച്ചു. പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. 250 മെഗാവാട്ട് ശേഷിയുള്ള സോളാർ-പദ്ധതി, ഉത്തർപ്രദേശിലുടനീളമുള്ള പ്രതിരോധ സ്ഥാപനങ്ങളുടെ ഊർജ്ജ സുരക്ഷ ശക്തമാക്കും.

## TRAWLING BAN

കേരളത്തിൽ ട്രോളിംഗ് നിരോധനം ഇന്ന് അർദ്ധരാത്രി മുതൽ നിലവിൽ വരും. ജൂലൈ 31 അർദ്ധരാത്രി വരെ 52 ദിവസത്തേക്കാണ് നിരോധനം. മത്സ്യങ്ങളുടെ പ്രജനന കാലം കണക്കിലെടുത്താണ് നടപടി. നിരോധന കാലയളവിൽ പരമ്പരാഗത യാനങ്ങൾക്ക് മാത്രമേ മത്സ്യബന്ധനത്തിന് അനുമതിയുണ്ടാവുകയുള്ളൂ. ട്രോളിംഗ്, ഡബിൾ നെറ്റ് എന്നിവ പൂർണ്ണ മായും നിരോധിച്ചിട്ടുണ്ട്. അന്യസംസ്ഥാന ബോട്ടുകൾ അടിയന്തരമായി തീരം വിട്ടുപോകണമെന്നും അധികൃതർ നിർദ്ദേശം നൽകിയിട്ടുണ്ട്.